**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ശ്രീ.വർക്കി ചക്കാലയിൽ, ശ്രീമതി. ജെസ്സി ഡൊമനിക്ക്, ശ്രീമതി. റോസക്കുട്ടി ജോർജ്ജ് എന്നിവർ ഫയൽ ചെയ്ത WP(C) No. 33228/2022 നമ്പർ കേസിൽ ബഹു.ഹൈക്കോടതി 06.02.2023-ൽ പുറപ്പെടുവിച്ച വിധി ന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.467/2023/F&WLD തീയതി,തിരുവനന്തപുരം, 29-12-2023

---

പരാമർശം:-

1. ശ്രീ.വർക്കി ചക്കാലയിൽ, ചക്കാലയിൽ ഹൗസ്, കോടഞ്ചേരി പി.ഒ, കോഴിക്കോട് സമർപ്പിച്ച 5.09.2022-ലെ നിവേദനം.
2. WP(C) No.33228/2022 നമ്പർ കേസിൽ ബഹു. ഹൈക്കോടതി 06.02.2023-ൽ പുറപ്പെടുവിച്ച വിധിന്യായം.
3. തിരുവമ്പാടി എം.എൽ.എ ശ്രീ. ലിന്റോ ജോസഫ് സമർപ്പച്ച 24.11.2022-ലെ കത്ത്.
4. കസ്റ്റോഡിയൻ ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാന്റ്സ് -ന്റെ 06.05.2023-ലെ EFL(3)-1816/2022 നമ്പർ കത്ത്.
5. കസ്റ്റോഡിയൻ ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാന്റ്സ്-ന്റെ 01.11.2023-ലെ EFL(3)-1512/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി വില്ലേജിൽ തങ്ങളുടെ കൈവശം ഉണ്ടായിരുന്നതും പരിസ്ഥിതി ദുർബല പ്രദേശമായി വനം വകുപ്പ് ഏറ്റെടുത്തതും പിന്നീട് കോടതി വിധിയെത്തുടർന്ന് വിട്ടു നൽകിയതുമായ 21.15 ഏക്കർ ഭൂമിയിലേക്ക് ഉണ്ടായിരുന്ന വാഹന സൗകര്യമുള്ള 8 മീറ്റർ വീതിയുള്ള റോഡ് പുനഃസ്ഥാപിച്ചു ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.വർക്കി ചക്കാലയിൽ, ശ്രീമതി. ജെസ്സി ഡൊമനിക്ക്, ശ്രീമതി. റോസാക്കുട്ടി ജോർജ്ജ് എന്നിവർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനം വേഗത്തിൽ തീർപ്പാക്കുന്നതിനായി, അപേക്ഷകർ ബഹു. ഹൈക്കോടതി മുമ്പാകെ WP(C) NO. 33228/2022 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത നിവേദനം കൃത്യസമയം പാലിച്ചുകൊണ്ട് തീർപ്പാക്കുന്നതിന് കേസിലെ ഒന്നാം എതിർകക്ഷിയായ വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കി 06.02.2023-ൽ ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുമുണ്ടായി.

2. പ്രസ്തുത നിവേദനത്തിന്മേൽ പരാമർശം (4), (5) എന്നിവ പ്രകാരം ഇഎഫ്എൽ കസ്റ്റോഡിയൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോടഞ്ചേരി വില്ലേജിൽ പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്ത 65.07 ഹെക്ടറിൽപ്പെട്ട 23.80 ഏക്കർ സ്ഥലം ആണെന്നും ടി സ്ഥലം ഇ.എഫ്.എൽ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കുവാൻ വർക്കി ചക്കാലയിൽ, ജോർജ്ജ് കരയകുടിയിൽ, ഡൊമനിക് തേക്കേക്കര എന്നിവർ ഫയൽചെയ്ത ഒ.എ 4/13, 5/13, 6/13 എന്നീ കേസ്സുകളിൽ ഉൾപ്പെട്ട സ്ഥലമാണ് എന്നും ബഹു. ഫോറസ്റ്റ്

ട്രൈബ്യൂണൽ കോഴിക്കോട് പുറപ്പെടുവിച്ച 30.04.2014 -ലെ പൊതുവായ വിധിയിൽ ഒ.എ 4/13, 5/13 എന്നിവ മുഴുവനായും ഒ.എ 6/13 ഭാഗികമായും അപേക്ഷകർക്ക് അനുകൂലമായി പുറപ്പെടുവിച്ച വിധി പ്രകാരം ട്രക്ക് പാത്തിന്റെ ഇടത് ഭാഗം ഇ.എഫ്.എൽ ആയി നിലനിർത്തി അത് ഒഴികെയുള്ള ഭൂമി ഇ.എഫ്.എൽ -ൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുള്ളതാണ് എന്നും അതനുസരിച്ച് അളവ് നടത്തിയിട്ടുള്ളത് ആണെന്നും ഇഎഫ്എൽ കസ്റ്റോഡിയൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. മേൽവിധിക്കെതിരെ സർക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത MFA 106/14, 110/14, 118/2014 എന്നിവയിന്മേൽ 19.11.2018 -ലെ ഉത്തരവ് മുഖേന അപേക്ഷകർക്ക് അനുകൂലമായി വിധിച്ചതിനെ തുടർന്ന് സർക്കാർ ബഹു.സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചെങ്കിലും delay in condolence ആയതിനാൽ ടി കേസ് തള്ളുകയുണ്ടായി എന്നും ശ്രീ. വർക്കി ചക്കാലയിൽ, ഡൊമനിക് തെക്കേക്കര (ഒ.എ 4/13 അപേക്ഷകർ) എന്നിവർ ഫയൽചെയ്ത WP(C)No.42528/2018 നമ്പർ കേസിൽ പ്രസ്തുത സ്ഥലം വിട്ടുനല്കുവാൻ ഹൈക്കോടതി വിധിയായതിനെ തുടർന്ന്, പ്രസ്തുത വിധി നടപ്പിലാക്കുവാൻ വേണ്ടി അപേക്ഷകർ ഒ.എ 4/13 കോടതിയലക്ഷ്യ കേസ് CC No.1207/2021 ഫയൽ ചെയ്യുകയും ടി കേസിൽ കൃത്യസമയപരിധിക്കുള്ളിൽ സ്ഥലം വിട്ടുനല്കുവാൻ ബഹു. കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി എന്നും ആയത് പ്രകാരം ഒ.എ -4/13 ലെ അപേക്ഷകർക്ക് സ്ഥലംവിട്ടു നൽകിയെന്നും ഒ.എ-5/13-ലെയും ഒ.എ-6/13-ലെയും അപേക്ഷകർ തങ്ങൾക്ക് അവകാശപ്പെട്ട സ്ഥലത്തേക്ക് റോഡ് ഇല്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുവാൻ വിസമ്മതിക്കുകയും ചെയ്തുവെന്നും പ്രസ്തുത കേസുകളിലെവിടെയും റോഡിനെ കുറിച്ചുള്ള പരാമർശം അപേക്ഷകരാരും തന്നെ ഉന്നയിച്ചിട്ടുള്ളതല്ല എന്നും അത്തരമൊരു റോഡിന്മേൽ ഇവർക്കാർക്കും തന്നെ യാതൊരു അവകാശവും ഉള്ളതല്ലെന്നും ഒ.എ ഷെഡ്യൂളും കോടതി വിധിയും അനുസരിച്ചാണ് ഒ.എ കേസുകളിൽ ഉൾപ്പെട്ട സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്ഥലംവിട്ടു നൽകുന്നതിനുള്ള സ്കെച്ച് തയ്യാറാക്കി, ആയത് പ്രകാരമാണ് സ്ഥലം വിട്ട് നൽകിയിട്ടുള്ളതെന്നും വനഭൂമി വനേതരപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് -ന് വിരുദ്ധമായതിനാലും റോഡ് സംബന്ധിച്ച ആവശ്യം പരിഗണിക്കുവാൻ നിലവിലെ സാഹചര്യത്തിൽ കഴിയുന്നതല്ല എന്നും ഇഎഫ്എൽ കസ്റ്റോഡിയൻ റിപ്പോർട്ട് ചെയ്തു. ബഹു. കോടതി വിധിയിൽ ഉൾപ്പെട്ടതൊഴികെ ബാക്കി എല്ലാ സ്ഥലവും പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതും അവയ്ക്ക് റിസർവ്വ് വനങ്ങളുടെ സ്റ്റാറ്റസ് നിയമത്തിൽ നൽകിയിട്ടുള്ളതുമാണെന്നും തങ്ങളുടെ അവകാശഭൂമിയിൽ റോഡ് ലഭ്യമാകുന്നതിനായിട്ടാണ് അപേക്ഷകരായ വർക്കി ചക്കാലയിൽ, ജസ്സി ഡൊമിനിക്ക്, റോസാക്കുട്ടി ജോർജ്ജ്, എന്നിവർ ബഹു.ചീഫ് സെക്രട്ടറി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ബഹു. കോടതി ഉത്തരവിന്മേൽ ശ്രീ. വർക്കി ചക്കാലയിൽ, ജസ്സി ഡൊമിനിക്ക്, റോസാക്കുട്ടി ജോർജ്ജ് എന്നിവർക്ക് ടിയാന്മാർ ആവശ്യപ്പെട്ടപ്രകാരമുള്ള ഭൂമിയാണ് വിട്ടുകൊടുത്തിട്ടുള്ളതെന്നും ടി വിധിയിൽ എവിടെയും അപേക്ഷകർക്ക് വിട്ടുകൊടുക്കേണ്ട ഭൂമിയിൽ, റോഡിനെകുറിച്ച് യാതൊരുവിധ പരാമർശവുമില്ലാത്തതാണെന്നും ആയതിനാൽ ബാക്കിവരുന്ന ഇ.എഫ്.എൽ ആയി പരിപാലിച്ച് പോരുന്ന ഭൂമിയിൽ, മേൽ റോഡ് എന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും ഇഎഫ്എൽ കസ്റ്റോഡിയൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പ്രസ്തുത നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന റോഡ് എന്ന് അവകാശപ്പെടുന്ന ഭൂമി തുഷാരഗിരി വെള്ളച്ചാട്ടത്തിലേക്കുള്ള കല്ലുപാകിയ പാതയുടെ വലതുവശത്തായിട്ടാണ് സ്ഥിതി ചെയ്യുന്നതെന്നും ഇഎഫ്എൽ ഭൂമിയായി സംരക്ഷിച്ച് വരുന്നതാണെന്നും ഒഎ 4/13,ഒഎ 5/13, ഒഎ 6/2013 എന്നിവയിൽ ഉൾപ്പെടുന്നവയല്ല എന്നും റവന്യൂ രേഖകളിൽ കോടഞ്ചേരി വില്ലേജിൽ റീ സർവ്വേ നം. 15/1 -ൽപ്പെടുന്ന ഭൂമിയാണെന്നും ആയത് 'അസ്ഥിര പുഞ്ച' എന്നാണ് വില്ലേജ് രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ഇഎഫ്എൽ കസ്റ്റോഡിയൻ പരാമർശം (5) പ്രകാരം ഇഎഫ്എൽ കസ്റ്റോഡിയൻ റിപ്പോർട്ട്

ചെയ്തിട്ടുണ്ട്.

5. ഇഎഫ്എൽ കസ്റ്റോഡിയന്റെ 03.2.2022 -ലെ ഉത്തരവ് പ്രകാരവും 03.2.2022 -ലെ EFL-1/111/2022 നമ്പർ ഡീനോട്ടിഫിക്കേഷൻ പ്രകാരവും, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ കോടഞ്ചേരി വില്ലേജിൽ സർവ്വേ നമ്പർ 15/1 -ൽ ഉൾപ്പെട്ടതും OA 4/13, OA 5/13, OA 6/13 [ MFA 106/14,MFA 110/14, MFA 118/14] -ൽ ഉൾപ്പെട്ടതുമായ 21.15 ഏക്കർ (9.5709 ഹെക്ടർ ഭൂമി) ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്സ്) ആക്ട്, 2003-ൽ നിന്നും ഒഴിവാക്കുന്നതിനും അവകാശികൾക്ക് വിട്ടു നൽകുന്നതിനും ഉത്തരവായിട്ടുണ്ട് എന്നും അപേക്ഷകർ അവകാശമുന്നയിക്കുന്ന, റോഡിന് ആവശ്യമായ ഭൂമി മേൽ കേസുകളിൽ ഉൾപ്പെട്ടതല്ല എന്നും ഇഎഫ്എൽ കസ്റ്റോഡിയൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകർ പരാമർശം (1) പ്രകാരം ആവശ്യപ്പെടുന്ന 8 മീറ്റർ റോഡിനാവശ്യമായ സ്ഥലത്തിന്മേൽ ടിയാൾക്ക് യാതൊരു വിധ അർഹതയും ഇല്ലാത്തതാകുന്നു. അതിനാൽ പ്രസ്തുത അപേക്ഷ നിരസിച്ച് കൊണ്ട് ശ്രീ.വർക്കി ചക്കാലയിൽ, ശ്രീമതി. ജെസ്സി ഡൊമനിക്ക്, ശ്രീമതി. റോസാക്കുട്ടി ജോർജ്ജ് എന്നിവർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 33228/2022 നമ്പർ കേസിൽ 06.02.2023-ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

1) അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
2) കസ്റ്റോഡിയൻ ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ്, വനം വകുപ്പ് ആസ്ഥാനം, തിരുവനന്തപുരം.
3) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്.
4) ശ്രീ.വർക്കി ചക്കാലയിൽ, ചക്കാലയൽ ഹൗസ്, കോടഞ്ചേരി പി.ഒ, കോഴിക്കോട് - 673504
5) ശ്രീമതി.ജെസി ഡൊമനിക്ക്, തെക്കേക്കര ഹൗസ്,പുതുപ്പടി (പി.ഒ), കോഴിക്കോട് - 673586.
6) റോസക്കുട്ടി ജോർജ്ജ്, കാരേക്കുടിയിൽ ഹൗസ്, ഡോർ നം. 76, മാച്ചിക്കൊള്ളി P.O., കഞ്ചിക്കൊള്ളി, നീലഗിരി, തമിഴ് നാട്- 643212
7) സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anjaly Devi A G
Date: 30-12-2023 11:44:59
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്